പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4549

21/03/2018-ൽ മറുപടിക്ക്

## മാതൃ- ശിശുമരണ നിരക്ക്കുറയ്ക്കുന്നതിനായി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.ഒ. ആർ.കേളു** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് മാതൃ - ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) മാതൃ ശിശു മരണനിരക്ക് കുറയ്ക്കുന്നതിനായി സുസ്ഥിര വികസന പദ്ധതിയും സമഗ്ര ആരോഗ്യ പദ്ധതിയും ഉൾപ്പെടുത്തി ആർദ്രം മിഷന്റെ ഭാഗമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനായി ക്വാളിറ്റി സ്റ്റാൻഡേർഡ്സ് കേരളത്തിലെ എല്ലാ പ്രസവം നടക്കുന്ന ആശുപത്രികളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം പ്രസവ മുറി, പ്രസവാനന്തര പരിചരണം നൽകുന്ന വാർഡുകൾ, ഓപ്പറേഷൻ തീയറ്റർ എന്നിവയുടെ അറ്റകുറ്റ പണി നടത്തുകയും ഇവയെ NQAS അനുസരിച്ച് വേണ്ടുന്ന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തു.<br>നവജാത ശിശു തീവ്രപരിചരണ യൂണിറ്റുകൾ കേരളത്തിലാകമാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കായി ഉപകരണങ്ങൾ, കൂടുതൽ നിയമനങ്ങൾ, ഇൻഫെക്ഷൻ കൺട്രോൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രസവം നടക്കുന്ന താലൂക്ക് ആശുപത്രികളിൽ സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ വാർഡുകൾ നിർമ്മിക്കുന്നതിനായി വിവിധ ആശുപത്രികൾക്കായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ശിശു മരണ ഓഡിറ്റ് കേരളത്തിൽ നടപ്പാക്കി ഇതോടൊപ്പം സാധാരണയായി കണ്ടുവരുന്നതും കൂടുതൽ മരണങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കാരണമാകുന്നതുമായ പ്രസവ അനുബന്ധ ശ്വാസം മുട്ടൽ മൂലം മരണമുണ്ടാകുന്നത് തടയുന്നതിനായി സ്റ്റാഫ് നഴ്സ്മാർക്കുള്ള NRP പരിശീലനം IAP യുടെ സഹകരണത്തോടെ കേരളത്തിലാകമാനം നടത്തി വരുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകളിലെ ഡോക്ടർമാർക്കും മറ്റു സ്റ്റാഫുകൾക്കുമായി പ്രത്യേക പരിശീലനം നടത്തിയിട്ടുണ്ട്. ശിശു മരണ നിരക്കിൽ പ്രധാന കാരണങ്ങളിൽ ഒന്നായ ജന്മനാലുള്ള ഹൃദയ വൈകല്യങ്ങൾ ചികിത്സിക്കുന്നതിനായി "ഹൃദ്യം" എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മാതൃമരണ നിരക്ക് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും മികച്ചതാണെങ്കിലും 2020 ഓടെ 30 ലക്ഷം 2030 ഓടെ 20 ലക്ഷം കുറച്ച് കൊണ്ടുവരുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ സ്വകാര്യ മേഖലയുടെ പങ്ക് ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | ബി) | മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പ്രസവം നടക്കുന്ന ആശുപത്രികളിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക അനുവദിക്കുകയും വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എല്ലിൽ പുരോഗമിച്ചുവരികയുമാണ്. പ്രസവം നടക്കുന്ന ആശുപത്രികളിൽ അണുബാധ നിയന്ത്രണ വിധേയമാക്കുന്നതിനും പ്രസവ സംബന്ധമായ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനും വേണ്ടി തിരഞ്ഞെടുക്കപ്പെട്ട പ്രസവം നടക്കുന്ന ആശുപത്രികളിൽ ഡെലിവറി സെറ്റ്, ഡിസ്പോസിബിൾ ഡെലിവെറി കിറ്റ് എന്നിവ കെ.എം.എസ്.സി.എൽ വഴി വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ശിശുമരണങ്ങളുടെ കാരണം കണ്ടെത്തുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ശിശുമരണ ഓഡിറ്റ് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകമോ; | സി) | ശിശുമരണ റിപ്പോർട്ടിങ് മെച്ചപ്പെടുത്തുക, റിപ്പോർട്ട് ചെയ്ത കാരണങ്ങൾ ജില്ലകൾ തോറും വിദഗ്ധ സമിതി പരിശോധിക്കുക. കൃത്യമായ കാരണങ്ങൾ കണ്ടെത്താൻ സാധിക്കാത്ത കേസുകളിൽ ഓഡിറ്റ് നടത്തുക എന്നീ സംവിധാനങ്ങൾ ആരോഗ്യ വകുപ്പ് കേരളത്തിലാകമാനം ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് ദിശ സംവിധാനത്തിലൂടെ ആശാ വർക്കർ, മറ്റു |

| | | | |
|---|---|---|---|
| | | | ഫീൽഡ് വർക്കർ, ഡോക്ടർമാർ, പൊതുജനങ്ങൾ എന്നിവർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ അതാത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർ പരിശോധിച്ച റിപ്പോർട്ട് തയ്യാറാക്കി ജില്ലാ തലത്തിലേയ്ക്ക് അയക്കുകയും ജില്ലാ തല വിദഗ്ധ സമിതി (RCH ഓഫീസർ നേതൃത്വം നൽകുന്ന പ്രത്യേകമായ പരിശീലനം ലഭിച്ച ശിശു രോഗ വിദഗ്ധർ ഉൾപ്പെടുന്ന) പുരിശോധിക്കുകയും കാരണം അസന്നിഗ്ധമായ ഘട്ടത്തിൽ ഇവ പുന പരിശോധിക്കാനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ളവ ശിശുരോഗ വിദഗ്ധരുടെ സമിതി പുനരന്വേഷണം നടത്തി കാരണങ്ങൾ വിലയിരുത്താൻ ശ്രമിക്കുന്നു. ഇതിലൂടെ മോഡിഫൈ ആയിട്ടുള്ള കാരണങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പരിഹരിക്കുന്നതിനും നവജാത ശിശു പരിചരണം ചെയ്യപ്പെടുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കായി സ്വീകരിക്കുകയും ചെയ്യുന്നു. |
| ഡി) | മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | മാതൃ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രസവം നടക്കുന്ന ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്കും പ്രസവ മുറയിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നേഴ്സുമാർക്കും മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് തയ്യാറാക്കിയിട്ടുള്ള 10 ക്വാളിറ്റി സ്റ്റാൻഡേർഡ്സ് നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള പരിശീലനം വിവിധ ഘട്ടങ്ങളിലായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ